## പതിമൂന്നാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത

നിയമസഭാ ചോദ്യം നമ്പർ:3784 — 17/12/2015-ൽ മറുപടിയ്ക്ക്

## റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ ഒഴിവുകളിൽ നിയമനം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.കെ.അജിത് | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പ് മന്ത്രി) |
| (എ) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ മാരുടെ എത്ര തസ്തികകളാണ് ഒഴിഞ്ഞുകിടക്കുന്നതെന്നും ഏതൊക്കെ റെയ്ഞ്ചുകളിലാണ് ഒഴിവുകളുള്ളതെന്നും വ്യക്തമാക്കുമോ; | (എ) വനം വകുപ്പിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ 5 തസ്തികകൾ ഒഴിഞ്ഞു കിടക്കുന്നു. ഒഴിവുകളുടെ വിവരം ചുവടെ ചേർക്കുന്നു.<br>1. റിസർച്ച് റെയിഞ്ച്, തേക്കടി<br>2. തൊടുപുഴ സോഷ്യൽ ഫോറസ്ട്രി റെയിഞ്ച്<br>3. കോതമംഗലം ഫ്ളയിംഗ് സ്ക്വാഡ് ഡിവിഷൻ ഓഫീസിലെ ടെക്നിക്കൽ അസിസ്റ്റന്റ് .<br>4. മൂന്നാർ ഫോറസ്റ്റ് വർക്കിംഗ് പ്ലാൻ<br>5. റെയിഞ്ച്ഫോറസ്റ്റ് റിസോഴ്സ് സർവ്വെ സെൽ, തൃശ്ശൂർ. |
| (ബി) റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ നിയമനം ലഭിച്ചതിനുശേഷം എത്ര പേരാണ് പരിശീലനത്തിന് പോയിട്ടുള്ളതെന്നും ഇവർക്ക് എന്നുവരെ പരിശീലന കാലാവധി ഉണ്ടെന്നും ഇവർക്ക് പകരം താൽക്കാലികമായി പ്രമോഷൻ നടത്തി ഒഴിവുകൾ നികത്തിയിട്ടുണ്ടോ എന്നും വ്യക്തമാക്കുമോ; | ബി) റെയിഞ്ച് ഫോറസ്റ്റ് ഓഫീസർ പരിശീലനത്തിനായി 20 റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ നിയോഗിച്ചിട്ടുണ്ട്. തെലുങ്കാന ഫോറസ്റ്റ് അക്കാദമിയിൽ ട്രെയിനിംഗ് 21.04.2015-നും തമിഴ് നാട് ഫോറസ്റ്റ് അക്കാദമിയിൽ ട്രെയിനിംഗ് 23.11.2015-നും ആരംഭിച്ചിട്ടുണ്ട്. ഫോറസ്റ്റ് റെയിഞ്ചേഴ്സ് ട്രെയിനിംഗും, പ്രായോഗിക പരിശീലനവും ഉൾപ്പെടെ ട്രെയിനിംഗ് പൂർത്തിയാക്കുവാൻ 30 മാസത്തെ കാലയളവ് വേണ്ടി വരും. റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരെ ട്രെയിനിംഗിന് നിയോഗിച്ചതു മൂലമുണ്ടായ ഒഴിവുകളിൽ ഡെപ്യൂട്ടി റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർക്ക് താൽക്കാലികമായി സ്ഥാനക്കയറ്റം നൽകി നിയമിച്ചിട്ടുണ്ട്. |

| | |
|---|---|
| (സി) ഫയർ സീസണിൽ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ കുറവ് വകുപ്പിന്റെ പ്രവർത്തനങ്ങളെ ബാധിക്കുമെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | സി)ഫയർ സീസണിൽ വന പരിപാലനത്തിനായി ആവശ്യമുള്ള റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാർ ഇപ്പോൾ വനം വകുപ്പിൽ ഉണ്ട്. |
| (ഡി) വനം വകുപ്പിന്റെ റെയ്ഞ്ച് ഫോറസ്റ്റ് ഓഫീസർ തസ്തികയിൽ എത്ര സൂപ്പർ ന്യൂമററി തസ്തികകൾ സൃഷ്ടിച്ച് ഒഴിവുകൾ നികത്തുന്നതിനാണ് അനുവാദം ഉള്ളതെന്നും പ്രസ്തുത തസ്തികകളിൽ നിയമനം നടത്തിയിട്ടുണ്ടോയെന്നും അറിയിക്കുമോ? | ഡി) വനം വകുപ്പിൽ റെയിഞ്ച് ഫോറസ്റ്റ് ഓഫീസർമാരുടെ സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചു വരികയാണ്. |

സെക്ഷൻ ഓഫീസർ